63 (1512) വനസമ്പത്ത്

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.4.99-ൽ കേരളത്തിൽ മൊത്തം എത്ര ഹെക്ടർ സ്വാഭാവിക വനം ഉണ്ട്;

(ബി) 1.4.98-ന് സ്വാഭാവിക വനത്തിന്റെ വിസ്തൃതി എത്ര ആയിരുന്നു;

(സി) അനധികൃത മരംമുറിക്കൽമൂലം പ്രതിവർഷം എത്രകോടി രൂപ സർക്കാരിന് നഷ്ടപ്പെടുന്നു;

(ഡി) വനസംരക്ഷണത്തിനായി ഈ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന 14.27 കോടി രൂപയുടെ വിനിയോഗം സംബന്ധിച്ച് വിശദ വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 8800 ചതുരശ്ര കിലോമീറ്റർ.

(സി) പ്രതിവർഷം ശരാശരി 83.5 ലക്ഷം രൂപയുടെ നഷ്ടമുണ്ടാകുന്നതായി കണക്കാക്കുന്നു.

(ഡി) 31.3.99-ൽ അവസാനിച്ച ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ സ്വാഭാവികവനങ്ങളുടെ സംരക്ഷണത്തിനായി വകയിരുത്തിയിരുന്ന 14.27 കോടി രൂപ താഴെ പറയുന്ന പ്രവൃത്തികൾക്കാണ് ചെലവാക്കാൻ ഉദ്ദേശിച്ചിരുന്നത് :

(1)	അഗ്നിശമന പ്രവർത്തനങ്ങൾ	150/- ലക്ഷം രൂപ
(2)	വനസംരക്ഷണം (ഫോറസ്റ്റ് സ്റ്റേഷനുകളുടെ പ്രവർത്തനം ഉൾപ്പെടെ)	600/- "
(3)	റോഡുകളുടെ നിർമ്മാണം	150/- "
(4)	കെട്ടിടങ്ങളുടെ നിർമ്മാണം	100/- "
(5)	സ്വാഭാവിക വനങ്ങളുടെ പ്രജനനവും പുനരുദ്ധാരണവും	100/- "
(6)	ഒന്നാംഘട്ടം സാമൂഹിക വനവൽക്കരണ പദ്ധതിയുടെ ചെലവുകൾ	300/- "
(7)	വേൾഡ് ഫുഡ് പ്രോഗ്രാം	005/- "
(8)	റോസ്വുഡ് പദ്ധതി	010/- "
(9)	ജലസംരക്ഷണ പദ്ധതി	010/- "
(10)	മൂന്നാർ സിൽവൻവാലി ഹെൻ സാങ്ച്വറി	002/- "
		1,427/- "

LIBRARY ARCHIVES Kerala Legislative Assembly